(ബി) ഇതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിലൂടെ ആദിവാസി സമൂഹത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിവാസി ഗ്രാമസഭാ നിയമം (പെസ ആക്ട്) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ ഇടുക്കി, കണ്ണൂർ, പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ 2445 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പെസ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരാണ് തയ്യാറാക്കിത്തരുന്നത്. ആയതിനാൽ പെസ നിയമം വിജ്ഞാപനം ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗരേഖകൾ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്നതാണ്.

(സി) ടി നിയമം പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനവും, ശാക്തീകരണവും ഉറപ്പാക്കുന്നതാണ്.

ആദിവാസി മേഖലയിലെ പദ്ധതികൾ

257 (642) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ആദിവാസി മേഖലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നൽകിയ തുകയിൽ വിനിയോഗിക്കപ്പെടാതെ തിരിച്ചടക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്കായി നൽകിയ തുകയാണ് തിരിച്ചടയ്ക്കേണ്ട സ്ഥിതിയുണ്ടായത്;

(സി) തുക തിരിച്ചടച്ച പദ്ധതി നടപ്പിലാക്കാത്തത് ആദിവാസികളുടെ പുരോഗതിക്ക് വിഘാതമായതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസി മേഖലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നല്കിയ തുക തിരിച്ചടയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly